# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*91 29.09.2016 ൽ മറുപടിക്ക്**

## മലയോര ഹൈവേ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>,, എം.എം. മണി<br>,, ജോർജ് എം. തോമസ്<br>,, സി.കെ. ഹരീന്ദ്രൻ | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) മലയോര ഹൈവേ നിർമ്മിക്കുന്നതിനോടുള്ള നിലപാട് വ്യക്തമാക്കാമോ; | എ) കേരളത്തിലെ മലയോര പ്രദേശങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് ഒരു ഹൈവേ നടപ്പാക്കുന്നതിനു വേണ്ടി കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവു മുതൽ തിരുവനന്തപുരം ജില്ലയിലെ കടുക്കറ വരെ നിലവിലുള്ള റോഡ് വികസിപ്പിച്ച് ഉയർത്തുവാനാണ് മലയോര ഹൈവേ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത് ഇതിനായി GO(Ms) No. 44/09/ PWD dated 6/7/2009 പ്രകാരം 1195 കി.മീ. ദൈർഘ്യമുള്ള NATPAC നിർദ്ദേശിച്ച അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ട്. മലയോരപ്രദേശങ്ങളിലെ ഗതാഗതകുരുക്ക് ഒഴിവാക്കി യാത്ര കൂടുതൽ സുഗമമാക്കുന്നതിന് അനിവാര്യമായ മലയോര ഹൈവേ നിർമ്മിക്കുന്നതിന് മുന്തിയ പരിഗണനയാണ് സർക്കാർ കൊടുക്കാനുദ്ദേശിക്കുന്നത്. |
| ബി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ബി) ഈ പദ്ധതിയുടെ രൂപരേഖ NATPAC - ആണ് തയ്യാറാക്കിയിട്ടുള്ളത്. ഇത് പ്രകാരം പ്രസ്തുത പദ്ധതിയുടെ ഓരോ ജില്ലയിലേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>**കാസർഗോഡ്:**<br>നന്ദാരപ്പടവ് - പുത്തിഗെ - പെർള - ബദിയഡുക്ക - മുള്ളേരിയ - അത്തിനടി - പാണ്ടി - പടിപ്പ് - |

ബന്ദഡുക്ക - ഇരഞ്ഞിലംകോട് - കോളിച്ചാൽ - പതിനെട്ടാംമൈൽ - വള്ളിക്കടവ് - ചിറ്റാരിക്കൽ - ചെറുപുഴ -110 **കി.മി.**

**കണ്ണൂർ:**

ചെറുപുഴ - മഞ്ഞക്കാട് - ആലക്കോട് - കരുവഞ്ചാൽ - താവുക്കുന്ന് - നടുവിൽ - ചെമ്പേരി പയ്യാവൂർ - ഉളിക്കൽ - വള്ളിത്തോട് - ആനപ്പന്തി - കരിക്കോട്ടക്കരി - ഏടൂർ - ആറളം - കാപ്പു കടവ് - പെരുമ്പുന്ന - മുടപുരച്ചാൽ - മണത്തണ - കൊട്ടിയൂർ - അമ്പായത്തോട് - ബോയ്സ്ടൗൺ. - 109 **കി.മി.**

**വയനാട്:**

ബോയ്സ്ടൗൺ - മാനന്തവാടി -നാലാംമൈൽ അഞ്ചുകുന്ന് - പനമരം - കൈനാട്ടി - കൽപ്പറ്റ - കാപ്പംകൊല്ലി - മേപ്പാടി - ചൂരൽമല -അരുണപ്പുഴ. -96 കി.മീ.

വയനാട് ജില്ലയിൽ ഈ ഹൈവേ അലൈൻമെന്റിൽ വരുന്ന ചൂരൽമല മുതൽ അരുണപ്പുഴ വരെയുള്ള ഭാഗത്തെ 2 കി.മി. ദൂരം ഫോറസ്റ്റ് ഏരിയ വരുന്നുണ്ട്.

**കോഴിക്കോട് (Loop road)**

വിലങ്ങാട് - കല്ലാച്ചി - കടിയങ്ങാട് -തലയാട് - കോടഞ്ചേരി - തിരുവമ്പാടി കൂടരഞ്ഞി - കുമ്പാറ - കക്കാടംപൊയിൽ - വെളിയന്തോട് (Loop link) - 110 **കി.മി.**

**മലപ്പുറം:**

അരുണപ്പുഴ - തമ്പുരാട്ടിക്കല്ല് - പാലുണ്ട - എടക്കര - കരുളായി - മുത്തേടം - പൂക്കോട്ടുപാടം - കാളിക്കാറ - കേരളം - കിഴക്കേത്തല (കരുവാരക്കുണ്ട്)- തരിശു - പുൽവേട്ട - കരിങ്കൽതോണി - പൊൻപാറ - വെളിയന്തോട് - പൂക്കോട്ടുംപാടം(Loop link) - 101 **കി.മി.**

**പാലക്കാട്:**

പൊൻപാറ - എടത്തിനാട്ടുകര - കാപ്പുപറമ്പ് - തിരുവിഴാംകുന്ന് - കോട്ടോപ്പാടം - കുമരംപുത്തൂ ർ - മണ്ണാർകാട് - പാലക്കാട് - പുതുനഗരം

- കൊല്ലങ്കോട് - നെന്മാറ - വടക്കാഞ്ചേരി - പന്തലംപാടം - 130 കി.മി.

**തൃശ്ശൂർ:**
പന്തലംപാടം - പട്ടിക്കാട് - വിലങ്ങന്നൂർ - മന്ദാര മംഗലം - പുലിക്കണ്ണി - പാലിപ്പിള്ളി - വെള്ളി ക്കുളങ്ങര - വെറ്റിലപ്പാല - **60 കി.മി.**

**എറണാകുളം:-**
വെറ്റിലപ്പാല - അടിവാരം - കടപ്പാറ - ഇല്ലി ത്തോട് - ചെട്ടിനട - പയ്യാൽ - ചേലാട് - ഊഞ്ഞാപ്പാറ - നാടുകാണി - നേര്യമംഗലം - ആറാംമൈൽ- എളപ്ലാശ്ശേരി - **104 കി.മി.**

**ഇടുക്കി:**
എളപ്ലാശ്ശേരി - കുറത്തിക്കുടി - പെരുമ്പൻകുത്ത് - മാങ്കുളം - കല്ലാർ - ഇരുട്ടുകാനം - ആനച്ചാൽ - രാജാക്കാട് - തിങ്കൾകാട് - മയിലാടുംപാറ - നെടുങ്കണ്ടം - പുളിയൻമല - കട്ടപ്പന - ഏലപ്പാറ - കുട്ടിക്കാനം - മുണ്ടക്കയം - 166 കി.മി.

**കോട്ടയം:**
മുണ്ടക്കയം - എരുമേലി - പ്ലാച്ചേരി - **24 കി.മി.**

**പത്തനംതിട്ട:**
പ്ലാച്ചേരി - റാന്നി - കുമ്പഴ - കോന്നി -പത്തനാ പുരം - **46 കി.മി.**

**കൊല്ലം:**
പ്ലാച്ചേരി - പത്തനാപുരം - അലിമുക്ക് പുനലൂർ ടൗൺ - ആലഞ്ചേരി - കുളത്തൂപ്പുഴ - മടത്തറ - കൊല്ലായിൽ - 64 കി.മി.

**തിരുവനന്തപുരം:**
കൊല്ലായിൽ - പാലോട് - പെരിങ്ങമ്മല - വിതുര - ആര്യനാട് - കുറ്റിച്ചൽ - കള്ളിക്കാട് - വാഴിച്ചാൽ - അമ്പൂരി - കുടപ്പനമൂട് - ആനപ്പാറ - വെള്ളറട - കാരക്കോണം - പാറശ്ശാല (കടു ക്കറ) - **75 കി.മി.**

ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി കാസഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ ചെറുപുഴ വരെയുള്ള 33 കി.മി; റോഡിന്റെ രൂപ രേഖ തയ്യാറാക്കുകയും ഇത് District Flagship Infrastructure Project-ൽ ഉൾപ്പെടുത്തി 135.70

കോടി രൂപയുടെ പ്രവൃത്തിക്കായി GO(Rt)No.7/2016/PWD. dated 20/02/2016 പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രവൃത്തി ഏറ്റെടുക്കേണ്ട തായിട്ടുണ്ട്. ഇത് കൂടാതെ 1-ാം ഘട്ടത്തിന്റെ ഭാഗമായി വരുന്ന കണ്ണൂർ ജില്ലയിലെ ചെറുപുഴ മുതൽ - വള്ളിത്തോട് വരെയുള്ള 59.415 കി.മീ. റോഡ് വികസിപ്പിക്കുന്നതിന് 237.20 കോടി രൂപയുടെ രൂപരേഖ തയ്യാറാക്കുകയും അതിന് ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി ഇപ്പോൾ പുരോഗതിയിലാണ്.

ഈ പദ്ധതിയുടെ അലൈൻമെന്റ് പ്രകാരം നിലവിലുള്ള റോഡുകൾ പരമാവധി സ്ഥലം ഏറ്റെടുത്തുകൊണ്ട് പുനരുദ്ധാരണം നടത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**കണ്ണൂർ ജില്ല:**

വള്ളിത്തോട് മുതൽ കരിക്കോട്ടക്കരിവരെ

(കി.മീ. 64/780 മുതൽ 71/690 വരെ) -

995 ലക്ഷം രൂപ

മനത്തനാട്ടുവയൽ മുതൽ അമ്പായത്തോട് വരെ

(കി.മീ. 90/315 മുതൽ 108/550 വരെ)

815 ലക്ഷം രൂപ

കരിക്കോട്ടക്കരി മുതൽ മണത്തോട്ടുവയൽ വരെ

(കി.മീ. 71/690 മുതൽ 90/315 വരെ)

2250 ലക്ഷം രൂപ

**വയനാട് ജില്ല:**

മാനന്തവാടി മുതൽ കൽപ്പറ്റ വരെ

(കി.മീ. 24/000 മുതൽ 30/800 വരെയും

(കി.മീ. 0/000 മുതൽ 3/700 വരെയും)

1400ലക്ഷം രൂപ

നാലാംമൈൽ വെള്ളമുണ്ട നിരവിൽപുഴ കുറ്റ്യാടി റോഡ് (കി.മീ. 6/470 മുതൽ 10/270 വരെ)

300 ലക്ഷം രൂപ

**എറണാകുളം ജില്ല:**

ചേരങ്ങൽ മുതൽ നേര്യമംഗലം വരെ : 32കി.മീ.

1685 ലക്ഷം രൂപ

ആറാംമൈൽ മുതൽ എളംപ്ളശ്ശേരി വരെ8കി.മീ

106 ലക്ഷം രൂപ

(പ്രവൃത്തി പൂർത്തിയാക്കേണ്ട തു ണ്ട് )

എളംപ്ളശ്ശേരി മുതൽ ഔർക്കുട്ടിവരെ
(കി.മീ. 0/000 മുതൽ 9/880 വരെ)373ലക്ഷം രൂപ

(പ്രവൃത്തി ഏറ്റെടുക്കേണ്ടതായിട്ടു ണ്ട്)

എന്നാൽ കാസർഗോഡ്, കണ്ണൂർ ജില്ലയൊഴികെ Hill Highway-യുടെ alignment വരുന്ന മറ്റ് ജില്ല കളിലെ റോഡുകളിലെ മേജർ പദ്ധതികളുടെ DPR തയ്യാറാക്കേണ്ട തുണ്ട്

സി) മുൻസർക്കാർ ഈ പദ്ധതിക്കായി നീക്കിവച്ചിരുന്ന തുകയും ചെലവഴിച്ച തുകയും എത്രയെന്ന് അറിയിക്കാമോ;

സി) മുൻ സർക്കാർ ഈ പദ്ധതിക്കായി നീക്കിവച്ചിരുന്ന തുകയും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

| വർഷം | വകയിരുത്തിയ തുക (രൂപ ലക്ഷത്തിൽ) | ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 2012-2013 | ഇല്ല | ഇല്ല |
| 2013-2014 | 82.37 | 622.39 |
| 2014-2015 | 82.37 | 898.46 |
| 2015-2016 | 906.10 | 1091.57 |

ഡി) പദ്ധതിക്കായി ഏതു മാർഗ്ഗത്തിലൂടെ ധനസമാഹരണം നടത്താനാണ് ഉദ്ദേശിക്കുന്നത്;

ഇ) സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് ഈ ധനസമാഹരണ മാർഗ്ഗം ഏതു വിധത്തിൽ ഗുണം ചെയ്യുമെന്ന് അറിയിക്കാമോ?

ഡി) & ഇ) ബഹു.മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അദ്ദേഹത്തിന്റെ ഔദ്യോഗിക മുറിയിൽ **29.08.2016 11.00AM**ന ധനകാര്യ മന്ത്രിയും പൊതുമരാമത്ത് വകുപ്പ് മന്ത്രിയും പങ്കെടുത്ത യോഗത്തിൽ ആണ് മലയോര തീരദേശ ഹൈവേ തീരുമാനമായത്. **10000**കോടി രൂപ അനുവദിക്കാമെന്നും, അത് **KIIFB** യിൽപ്പെടുത്തി ചെയ്യാമെന്നും ബഹു.ധനകാര്യ മന്ത്രി യോഗത്തിൽ അറിയിച്ചു. അന്നുതന്നെ ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രി അത് പ്രഖ്യാപിച്ചു. അതിന്റെ രൂപരേഖ തയ്യാറാക്കാൻ പൊതുമരാമത്ത് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായും, **NH, R&B** ചീഫ് എഞ്ചിനീയർമാർ കൺവീനർമാരായി ഒരു സബ്കമ്മിറ്റി രൂപീകരിച്ചു. അവർ **4** മാസത്തിനുള്ളിൽ രൂപരേഖ

സമർപ്പിക്കും. കൂടാതെ തീരദേശ ഹൈവേയെപ്പറ്റി പഠനം നടത്തി റിപ്പോർട്ട് നൽകാൻ നാറ്റ്പാക്കിനു കത്തു നൽകിയിട്ടുണ്ട്. മലയോര ഹൈവേയുടെ റിപ്പോർട്ട് നേരത്തെ നാറ്റ്പാക് തന്നെ നൽകിയിട്ടുണ്ട്. കേന്ദ്രത്തിൽ നിന്നുള്ള പ്രത്യേക സഹായം പ്രതീക്ഷിക്കുന്നു.

ബഡ്ജറ്റിൽ വൻകിട പദ്ധതികൾക്ക് പണമില്ലാത്ത സാഹചര്യത്തിൽ **KIIFB** പ്രയോജനകരമാണ് എന്നാണ് മന്ത്രിസഭായോഗം തീരുമാനിച്ചത്.

സെക്ഷൻ ഓഫീസർ